# മഹത്വത്തിൻ രാജാവ്

## സങ്കീർത്തനം 24:9–10

"വാതിലുകളേ, നിങ്ങളുടെ തലകളെ ഉയർത്തുവിൻ; പണ്ടേയുള്ള കതകുകളേ, ഉയർന്നിരിപ്പിൻ; മഹത്വത്തിന്റെ രാജാവു പ്രവേശിക്കട്ടെ. മഹത്വത്തിന്റെ രാജാവു ആർ? സൈന്യങ്ങളുടെ യഹോവ തന്നേ; അവനാകുന്നു മഹത്വത്തിന്റെ രാജാവു."

യേശുക്രിസ്തുവിന്റെ നാമത്തിങ്കൽ സ്വർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുമെന്ന് നാം ഫിലിപ്പിയ ലേഖനത്തിൽ വായിക്കുന്നുണ്ടല്ലോ. മനുഷ്യരുടെ മഹത്വം ലഭിക്കുന്നതിനായി ഇറങ്ങിത്തിരിച്ചിരിക്കുന്ന അനവധി മനുഷ്യദൈവങ്ങൾ ജീവിക്കുന്ന ഒരു ലോകത്തിലാണ് ഇന്ന് നാം ആയിരിക്കുന്നത്. അവരൊക്കെയും ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ ലോകത്തിന്റെ പേരും പ്രശംസയും പിടിച്ചു പറ്റുവാൻ പ്രവർത്തിക്കുന്നതായി നമുക്കു മനസ്സിലാക്കാം.

എന്നാൽ നമ്മുടെ കർത്താവിന്റെ ഇഹലോക ജീവിതത്തിൽ താൻ നിവർത്തിച്ച ഓരോ പ്രവർത്തികളും തന്റെ സ്വർഗ്ഗസ്ഥപിതാവിന്റെ ഹിതത്തിനും മഹത്വത്തിനും വേണ്ടി മാത്രമായിരുന്നുവല്ലോ. സങ്കീർത്തനം 47:2 "അത്യുന്നതനായ യഹോവ ഭയങ്കരൻ; അവൻ സർവ്വഭൂമിക്കും രാജാവാകുന്നു."

ഇന്ന് മനുഷ്യർ നിരവധി ദേവാലയങ്ങൾ ഉണ്ടാക്കി അതിനുള്ളിൽ ദൈവത്തിന്റെ പ്രതിമയെ നമസ്കരിച്ച് ആരാധിക്കുന്നു. എന്നാൽ നമ്മുടെ കർത്താവ് സർവ്വഭൂമിക്കും അധിപനാകയാൽ മനുഷ്യരുടെ കൈപ്പണിയാകുന്ന ദേവാലയത്തിൽ വാസം ചെയ്യുന്ന ഒരു ദൈവമല്ല. ദൈവത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കണമെന്ന് ദൈവവചനം വ്യക്തമായി നമ്മെ പഠിപ്പിക്കുന്നുവല്ലോ. ഈ മുഴു ലോകത്തെയും തന്റെ ഉള്ളം കയ്യിൽ വഹിക്കുന്നവന് സകല മഹത്വവും കരേറ്റി ജീവിക്കുവാൻ നമുക്കു സാധിക്കണം.

1 ശമുവേൽ 17:45 വായിക്കുമ്പോൾ ദാവീദ് തന്റെ ശത്രുവാകുന്ന ഫെലിസ്ത്യന്റെ നേരെ യുദ്ധത്തിന് പുറപ്പെടുമ്പോൾ സൈന്യങ്ങളുടെ ദൈവമായ യഹോവയുടെ നാമത്തിലാണ് കടന്നു ചെല്ലുന്നത്. ഇവിടെ ദാവീദ് രാജാവ് നമ്മെ മനസ്സിലാക്കിത്തരുന്ന ഒരു വസ്തുത എന്തെന്നാൽ, ഏത് വലിയ പ്രതികൂലമായാലും അതിനെ നേരിടുമ്പോൾ നമ്മുടെ കർത്താവിന് സകല മഹത്വവും കൊടുത്തുകൊണ്ട്, നമ്മോടു കൂടെയുള്ള ദൈവത്തിന്റെ ശക്തിയെ തിരിച്ചറിഞ്ഞുകൊണ്ട് നാം അവനിൽ പൂർണ്ണാശ്രയമുള്ളവർ

ആയിരിക്കേണം എന്നുള്ളതാണ്. അവിടുന്ന് തന്റെ മഹത്വം മറ്റൊരുത്തനും വിട്ടു കൊടുക്കയുമില്ല.

പ്രിയ ദൈവപൈതലേ, നമ്മുടെ മനസ്സും ചിന്തയും പ്രവർത്തികളുമെല്ലാം ദൈവനാമത്തിന്റെ മഹത്വത്തിനായിത്തീരുവാൻ സർവ്വശക്തനാകുന്ന, മഹാരാജാവാകുന്ന ദൈവം നമ്മെ ഏവരേയും അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം:**

വെളിപ്പാട് 5:13

സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിയുടെ കീഴിലും സമുദ്രത്തിലും ഉള്ള സകല സൃഷ്ടിയും അവയിലുള്ളതു ഒക്കെയും; സിംഹാസനത്തിൽ ഇരിക്കുന്നവനും കുഞ്ഞാടിനും സ്തോത്രവും ബഹുമാനവും മഹത്വവും ബലവും എന്നെന്നേക്കും ഉണ്ടാകട്ടെ എന്നു പറയുന്നതു ഞാൻ കേട്ടു.

## സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 058